**പതിനാലാം കേരളനിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 39** — **02.03.2020-ൽ മറുപടിക്ക്**

## പി.എസ്.സി. പരീക്ഷകളുടെ വിശ്വാസ്യത

| **ചോദ്യം**<br>**ശ്രീ.റോജി എം. ജോൺ** | | **മറുപടി**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|---|
| (എ) കാസർഗോഡ് ജില്ലയിലെ സിവിൽ പോലീസ് ഓഫീസർ നിയമനത്തിന് 2018 ജൂലൈയിൽ പി.എസ്.സി. നടത്തിയ പരീക്ഷയിൽ ചില വിദ്യാർത്ഥി സംഘടനാ നേതാക്കൾ ക്രമക്കേട് നടത്തിയത് സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | ഇത് സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി നൽകിയ പരാതിയിന്മേൽ ക്രൈം ബ്രാഞ്ച് രജിസ്റ്റർ ചെയ്ത 429/CB/TVM/D/2019 U/s 406, 409, 420, 120 B & 34 IPC and Sec.43(a) (b) r/w.66 of IT Act പ്രകാരമുള്ള കേസിന്റെ അന്വേഷണം അന്തിമ ഘട്ടത്തിലാണ്. |
| (ബി) പ്രസ്തുത അന്വേഷണത്തിൽ ഇതിനകം കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;<br>(സി) പ്രസ്തുത പരീക്ഷയിൽ എപ്രകാരമുള്ള തട്ടിപ്പാണ് നടന്നിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) യും (സി) യും | സാങ്കേതിക ഉപകരണങ്ങളുടെ സഹായത്തോടെ പരീക്ഷാ ചോദ്യ പേപ്പറിലെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ പ്രതികൾ പരസ്പരം കൈമാറുകയും അവ ഒ.എം.ആർ ഷീറ്റിൽ രേഖപ്പെടുത്തുകയും ചെയ്ത് പരീക്ഷയിൽ ക്രമക്കേട് നടത്തിയതായി അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. |
| (ഡി) പി.എസ്.സി. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ നടത്തിയ മറ്റേതെങ്കിലും പരീക്ഷകളിൽ ഇത്തരം ക്രമക്കേട് നടന്നതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പരീക്ഷകളിലെന്ന് വ്യക്തമാക്കാമോ; | (ഡി) | കണ്ടെത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | ഇത്തരം പരീക്ഷ തട്ടിപ്പ് ആവർത്തിക്കാതിരിക്കുവാൻ എന്തൊക്കെ മുൻകരുതലുകളാണ് പി.എസ്.സി. സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; പരീക്ഷ ഡ്യൂട്ടിക്ക് നിയുക്തരായ ജീവനക്കാരുടെ സഹായം പ്രസ്തുത തട്ടിപ്പിന് ലഭിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (ഇ) യും (എഫ്) ഉം | ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പി.എസ്.സി പരീക്ഷാ നടത്തിപ്പിൽ കാതലായ മാറ്റങ്ങൾ വരുത്തുകയും കൂടുതൽ കുറ്റമറ്റ രീതിയിൽ പരീക്ഷ നടത്തുന്നതിന്റെ ഭാഗമായി മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കുകയും പരീക്ഷാകേന്ദ്രത്തിൽ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ഉപയോഗിക്കുന്നത് കർശനമായി നിരോധിക്കുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) | പി.എസ്.സി. പരീക്ഷകളുടെ വിശ്വാസ്യത വീണ്ടെടുക്കുന്നതിനും പരീക്ഷ എഴുതുന്ന ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് ആത്മ വിശ്വാസം ഉണ്ടാക്കുന്നതിനും ഉതകുന്ന നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ